**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 289

# നിസ്സംഗത്വം നമ്മുടെ പ്രകൃതം

## DETACHMENT IS OUR NATURE

**നവംബർ 13, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## നിസ്സംഗത്വം നിങ്ങളുടെ നൈസർഗിക ഗുണമാകുന്നു

ഇനി ഈ വസ്തുത വരുന്നു:

**അസക്തം സർവ്വഭൃച്ചൈവ** (13.15)

അസക്തം എന്നാൽ നിസ്സംഗമായത്(unattached). പരമാത്മാവിന് ബന്ധമില്ല, കെട്ടുപാടുകളില്ല. ഈശ്വരൻ സമ്പൂർണ്ണമായും നിസ്സംഗനാകുന്നു. ഭഗവാൻ പറയുന്നു, "നിസ്സംഗത്വം പോഷിപ്പിക്കേണ്ടതില്ല. നിസ്സംഗത്വം ആർജ്ജിക്കേണ്ടതില്ല. നിസ്സംഗത്വം നേടേണ്ടതില്ല. നിസ്സംഗത്വം നിങ്ങളുടെ നൈസർഗിക ഗുണമാകുന്നു. നിസ്സംഗത്വം നിങ്ങളുടെ സ്വാഭാവിക നിലയാകുന്നു. ഈ സ്വാഭാവിക നിലയെ 'സഹജസ്ഥിതി' എന്നാണ് വിളിക്കുന്നത്. 'സഹജം' എന്നാൽ




നൈസർഗികമായത്. 'സ്ഥിതി' എന്നാൽ അവസ്ഥ. അതുകൊണ്ട്, സമ്പൂർണ്ണമായും നിസ്സംഗനാവുകയെന്നതാണ് നൈസർഗികമായ നില. സംഗം കാരണമായാണ് നിങ്ങൾ ബദ്ധനാവുന്നത്-ഇന്ദ്രിയങ്ങൾക്ക് ഭൗതികലോകവുമായുണ്ടാവുന്ന സംസർഗം കാരണം. ഇന്ദ്രിയങ്ങളും വസ്തുനിഷ്ഠലോകവും പരസ്പരം സംസർഗം നടത്തും, അത് മമത(attachments)യ്ക്ക് ഇടയാക്കുന്നു. അപ്പോൾ, നിങ്ങൾ വസ്തുനിഷ്ഠലോകവുമായി ബദ്ധരാണ്. എന്തുകൊണ്ട്? ഇന്ദ്രിയങ്ങളും ബാഹ്യലോകവും കാരണം. അവയില്ലെങ്കിൽ, നിങ്ങൾ പൂർണ്ണമായും നിസ്സംഗരാകുന്നു.

പൂർണ്ണമായും നിസ്സംഗരായ ആരെങ്കിലുമുണ്ടോ എന്ന് നാം സംശയിക്കുന്നു.

ഭഗവാൻ പറയുന്നു, "ഞാനുണ്ടിവിടെ. എന്നെ ദൃഷ്ടാന്തമായി എടുത്തോളൂ. ഞാൻ പൂർണ്ണമായും നിസ്സംഗനാകുന്നു. ഞാൻ സഹജസ്ഥിതിയിൽ, നൈസർഗിക നിലയിൽ ആകുന്നു. ആർക്കും തന്നെ എന്നെ ഇളക്കാനാവില്ല."




Attachments and emotional ties cause pain and suffering. We personalise everything in our life unwittingly and hold on to them as ours.

Let go all and we will be happy and relieved...

"ഉദാഹരണമായി, ദർശനവേളയിൽ ആരെങ്കിലും പറയുകയാണെന്നിരിക്കട്ടെ, 'സ്വാമീ, എന്റെ അമ്മൂമ്മ മരിച്ചുപോയി', ഞാൻ പറയും, 'സന്തോഷം, വളരെ നല്ലത്.' വീണ്ടും ഞാൻ കടന്നുപോകവേ, ആരെങ്കിലും പറയുകയാണ്, 'സ്വാമീ, എന്റെ കാലിന് പൊട്ടലുണ്ടായി', ഞാൻ മറുപടി നൽകും, 'സന്തോഷം, വെരി ഗുഡ്.' ഏതെങ്കിലും ചങ്ങാതി പറയുകയാണ്, 'വീട് പണി തീർന്നു, ഗൃഹപ്രവേശത്തിന് റെഡിയാണ് സ്വാമീ', ഞാൻ പറയും, 'സന്തോഷം', അഥവാ, 'സ്വാമീ, എന്റെ വീട് തകർന്നുപോയി'- 'ചാല സന്തോഷം, വെരി ഗുഡ്!' അപ്പോൾ, അതൊരു നിർമ്മാണമാവട്ടെ അഥവാ തകർച്ചയാവട്ടെ, അത് ജനനമാവട്ടെ അഥവാ മരണമാവട്ടെ, ഞാൻ എല്ലായ്പോഴും പറയുക, 'സന്തോഷം, സന്തോഷം, നല്ലത്, നല്ലത്' എന്നായിരിക്കും."



ഇത് അർത്ഥമാക്കുന്നത്, അവിടുന്ന് പൂർണ്ണമായും നിസ്സംഗനാണ്(unattached) എന്നാണ്. അവിടുന്നിന് ഈ വശവുമായോ ആ വശവുമായോ ബന്ധമില്ല. അവിടുന്ന് പൂർണ്ണമായും വിരക്തനാണ്. അതാണ് 'അസക്തം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അവിടുന്നൊരു താങ്ങാണ്, എന്നിട്ടും നിസ്സംഗനാണ്. ഒരു പാലം, അതിലൂടെ നടക്കുന്ന എല്ലാ വഴിപോക്കർക്കും ആശ്രയമാവുന്നു, അപ്പോഴും, ആ പാലം ഒരു വഴിപോക്കനാവാത്തതുപോലെ. പാലമെന്നത് തന്റെ മേൽക്കൂടി നടന്നുപോവുന്ന ഒരു വ്യക്തിയല്ലാത്തതു പോലെ. അത് സ്വതന്ത്രമായി നിലകൊള്ളുന്നു. അത് തുണയാകു

ന്നു, എന്നാൽ അത് സ്വയം വേറിട്ടു നിലകൊള്ളുന്നു, അവിടെ താദാത്മ്യ (identification)മില്ല.




## അനുഭവജ്ഞൻ ദിവ്യനാകുന്നു

**നിർഗുണം ഗുണഭോക്തൃ ച** (13.15)

'നിർഗുണം' എന്നാൽ ഗുണങ്ങൾ ഒന്നും ഇല്ലാത്തത്(attributeless). ലളിതമായ ഉദാഹരണം: തീയുടെ ഗുണവിശേഷം എന്താണ്? ചൂട്? അതെ. ഒരു ഹീറ്ററിൽ, വൈദ്യുതിയുടെ ഗുണവിശേഷം ചൂടാണ്. തണുപ്പോ? ഉവ്വ്, ഒരു ഫ്രിഡ്ജിൽ അത് തണുപ്പാ



ണ്. കാറ്റോ? ഉവ്വ്, ഒരു ഫാനിൽ അത് കാറ്റാണ്. പക്ഷേ എന്താണതിന്റെ ഗുണം? ഇതൊന്നുമല്ല, ഇതെല്ലാമാണു താനും. അപ്പോൾ, വൈദ്യുതിക്ക് ഈ ഗുണവിശേഷങ്ങളെല്ലാമുണ്ട് പക്ഷേ എന്നിരിക്കിലും, അത് ഈ ഗുണവിശേഷങ്ങളൊന്നുമല്ലാ താനും. അതിന്റെ ഗുണവിശേഷം ഇതാണ് അല്ലെങ്കിൽ അതാണ് എന്ന്- വൈദ്യുതിയുടെ സവിശേഷത ഇന്നതാണെന്ന്- നിങ്ങൾക്ക് ഉറപ്പിച്ചു പറയാനാവില്ല. ഇല്ലില്ല! അത് ഗുണരഹിതമാണ്.

'ഗുണഭോക്തൃ ച' എന്നു വച്ചാൽ ഈ ഗുണങ്ങളെല്ലാം അനുഭവിക്കുന്നത് ആ പരമാത്മാവു നിമിത്തമാണ് എന്നാകുന്നു.

ലളിതമായ ദൃഷ്ടാന്തം: ആർക്കാണ് അനുഭവിക്കാൻ കഴിയുക? ജീവിക്കുന്നവനാരോ അവന്. ജീവനോടെയിരിക്കുന്നവനാണ് അനുഭവിക്കാൻ കഴിയുക, മരിച്ചുപോയവനല്ല. ഇതേപോലെ, അനുഭവജ്ഞനാണ്(experiencer) ദിവ്യനായിരിക്കുന്നത്, അല്ലാതെ അനുഭവം(experience) അല്ല. അനുഭവിക്കുന്നവനാണ് ദിവ്യൻ. അനുഭവജ്ഞൻ അനുഭവത്തിൽനിന്ന് വ്യത്യസ്തനാണ്.



മറ്റൊരു ലളിതമായ ഉദാഹരണം: ഞാനെന്റെ നാവിൻ തുമ്പത്ത് ഒരു മധുരം വയ്ക്കുന്നു. ആഹാ! വളരെ നല്ലത്! പിന്നീട്, വളരെ വളരെ എരിവുള്ള ഒരു സാധനം നാവിന്മേൽ വയ്ക്കുന്നു. വൗ! എനിക്കത് ആസ്വദിക്കാനേ പറ്റുന്നില്ല! അപ്പോൾ, അനുഭവജ്ഞൻ എന്നത് നാവിനു പുറകിലെ രുചിയാണ്; നാവ് സ്വയം രുചിയാവുകയല്ല.

അപ്പോൾ, അനുഭവജ്ഞൻ അനുഭവത്തിൽനിന്ന് വ്യത്യസ്തനാണ്. അനുഭവങ്ങൾ ദ്വൈത(dual)മാണ്, അതേസമയം അനുഭവജ്ഞൻ അദ്വൈത(non-dual)മാണ്.




ദൃഷ്ടാവ്(The seer) അദ്വൈതമാണ്- അതേസമയം ദൃശ്യം ദ്വൈതമാണ്. കാണപ്പെടുന്നത്, ദൃശ്യം: ഞാനൊരു ദുരന്തരംഗം കാണുന്നു. ഞാനൊരു ഹാസ്യരംഗം കാണുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ, സന്തോഷം തരുന്ന രംഗങ്ങളും സങ്കടമുണ്ടാക്കുന്ന രംഗങ്ങളും ഞാൻ കാണുന്നു. അപ്പോൾ, ദൃശ്യം, പശ്ചാത്തലം, ഭിന്നമാണ്. രംഗങ്ങൾ ദ്വൈതമാണ്, പക്ഷേ ദൃഷ്ടാവ് അദ്വൈതമാണ്. അതിനാൽ ദൃഷ്ടാവ്, ശ്രോതാവ്, അനുഭവജ്ഞൻ ഇവരെല്ലാം അദ്വൈതമാണ്, സഹജമായും ദിവ്യമാണ്. ഭഗവദ് ഗീതയിൽ അതാണിവിടെ പറയപ്പെട്ടിരിക്കുന്നത്.

## ഈശ്വരൻ അകത്തും പുറത്തും സന്നിഹിതനാണ്

**ബഹിരന്തശ്ച ഭൂതാനാം** (13.16)

**പരമാത്മാവ് അകത്തും അതേപോലെ പുറത്തും ഉണ്ട്**

ചെറിയ ഉദാഹരണം: എന്റെ ശരീരത്തിന്റെ ('എന്റെ' എന്നതുകൊണ്ട് എല്ലാവരുടേയും എന്ന് വിവക്ഷ) ഉള്ളിൽ ആകാശ(space)മുണ്ട്. ആ ഇടം കാരണം, എല്ലുകളും ഞരമ്പുകളും പേശികളുമൊക്കെ ഉൾക്കൊള്ളിക്കാൻ സാധിക്കും. പുറത്തും ആകാശമുണ്ട്. ആ ഇടം കാരണം, പഞ്ചഭൂതങ്ങൾ, സൂര്യൻ, ചന്ദ്രൻ, ഗാലക്സികൾ ഒക്കെ ഉൾക്കൊള്ളിക്കാൻ സാധിക്കും. അപ്പോൾ, ഉള്ളിൽ ഇടമുണ്ട്, ഹൃദയാകാശം. ഒരു മൺകുടത്തിനകത്ത് ഒരു ഇടമുണ്ട്, ഘടാകാശം. ഒരു തടാകത്തിനുള്ളിൽ ഇടമുണ്ട്, തടാകാശം. ഒരു ടാങ്കുണ്ട്, അതിൽ മുഴുവൻ വെള്ളം നിറയ്ക്കാനാവും. എന്തുകൊണ്ട്? ആ ടാങ്കിലെ ഇടം കാരണം. ടാങ്കിലെ ആ ഇടത്തിനെയാണ് തടാകാശം എന്നു പറയുന്നത്. ഹൃദയത്തിനുള്ളിലെ ഇടമാണ് ഹൃദയാകാശം. തടമെന്നാൽ ടാങ്ക്. ഘടമെന്നാൽ കുടം. അപ്പോൾ, എല്ലായിടത്തും ഒരു ഇട(space)മുണ്ട്. ഉള്ളിലായി ഇടമുണ്ട്, മുകളിലായി ഇടമുണ്ട്, അകത്തും പുറത്തും ഇടമുണ്ട്.





ഈശ്വരൻ അകത്തുമുണ്ട് ഈശ്വരൻ പുറത്തുമുണ്ട്. അഗ്നി അകത്തുമുണ്ട് അഗ്നി പുറത്തുമുണ്ട്. എന്റെയുള്ളിൽ അഗ്നിയുണ്ട്. എന്തുകൊണ്ട്, എങ്ങനെ? എന്റെയുള്ളിലെ അഗ്നിയാണ് 98.4 ഡിഗ്രി എന്ന ശരീരോഷ്മാവിന് കാരണക്കാരൻ. ഇതിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ, അപ്പോൾ എന്തോ പ്രശ്നമുണ്ട്. അത് കുറഞ്ഞു കുറഞ്ഞു വന്നാൽ, തീർന്നു! അപ്പോൾ, വസ്തുതയെന്തെന്നാൽ, താപനില, അഗ്നി, ശരീരോഷ്മാവ് ഇവയെല്ലാം കാണിക്കുന്നത് ഉള്ളിൽ താപമുണ്ട്, പുറത്തും താപമുണ്ട് എന്നാണ്. ശരീരം പ്രധി



യാൽ(ഭൂമി) നിർമ്മിതമാണ്. അകത്ത് ജലവും ഉണ്ട്. ശരീരത്തിന്റെ 90% ജലത്താൽ നിറയ്ക്കപ്പെട്ടിരിക്കുകയാണ്. അപ്പോൾ, പഞ്ചഭൂതങ്ങൾ അകത്തും പുറത്തും ഉണ്ട്.

**വാസ്തവത്തിൽ, സായി സാഹിത്യത്തിൽ എല്ലാം ഉൾക്കൊള്ളുന്നുണ്ട്-എല്ലാം. അറിവിന്റെയും അനുഭവത്തിന്റെയും സകല മേഖലകളെയും ആശ്ലേഷിക്കുന്നു അത്.**

## ഈശ്വരൻ അത്രമേൽ അടുത്താണ് , എന്നാൽ അത്രമേൽ അകലെയാണ്

**സൂക്ഷ്മത്വാത് തത് അവിജ്ഞേയം**
**ദൂരസ്ഥം ച അന്തികേ ച തത്.** (13.16)

ഈ ശ്ലോകത്തിന്റെ സത്യം ചിത്രീകരിക്കുന്നതിനായി സ്വാമി താഴെപ്പറയുന്ന ഉദാഹരണമാണ് തന്നിട്ടുള്ളത്: ഇവിടെയൊരു തെരുവു വിളക്കുണ്ട്. തെരുവു വിളക്ക് ഇവിടെയാണ്, അതിനോട് തൊട്ടടുത്ത് ഒരു വീടുണ്ട്. തെരുവു വിളക്കിന്റെ വെളിച്ചം ആ പരിസരത്തൊക്കെ ലഭ്യമാണ്, ആ വീടിനും ലഭ്യമാണ്. അപ്പോൾ, ആ വീട് വിളക്കിന്റെ തൊട്ടടുത്തായതിനാൽ അതിന് വെളിച്ചം കിട്ടും, ആ പരിസരത്തും വെളിച്ചം കിട്ടും. ഇതേപോലെയാണ് ഈശ്വരന്റെ സാന്നിദ്ധ്യവും: അവിടുന്ന് ശരീരമാകുന്ന ഭവനത്തിന്റെ അകത്തുണ്ട്, അതേപോലെ വെളിയിൽ നാലുപാടും ഉണ്ട്.



ആ പരംപൊരുൾ അത്രമാത്രം സമീപവർത്തിയാണ്, എന്നാൽ അതേ സമയത്ത്, അവിടുന്ന് അത്രമാത്രം അകലത്തുമാണ്. അവിടുന്ന് ഇത്രയ്ക്ക് അടുത്താണല്ലോ എന്ന് നിങ്ങൾ കരുതിയാൽ, അവിടുന്ന് വളരെ അടുത്താണ്. അവിടുന്ന് അകലെയാണെന്ന് നിങ്ങൾ കരുതിയാൽ, അവിടുന്ന് തുല്യ അകലത്തിലാണ്.




സ്വാമി ഇതിന് ഒരു ഉദാഹരണം തന്നിട്ടുണ്ട്: കണ്ണും ചെവിയും അത്രയ്ക്കടുത്താണ്, പക്ഷേ അവ പരസ്പരം കാണുന്നില്ല.

അതാണ് ദിവ്യത്വം. അവിടുന്ന് മറ്റൊരു ഉദാഹരണം തന്നിട്ടുണ്ട്: എല്ലാവർക്കും ഒരു പിൻവശമുണ്ട്, അത് അത്രയ്ക്ക് അടുത്താണ്, പക്ഷേ ഒരുത്തർക്കും അത് കാണാനാവില്ല. പിൻവശം കാണാൻ കഴിവുള്ള ഒരുവനുണ്ടെങ്കിൽ, അവന്റെ തല പരിശോധനയ്ക്കു വിധേയമാക്കണം, അല്ലെങ്കിൽ ഒരു മ്യൂസിയത്തിൽ വയ്ക്കണം! ഒരുവന്റെ തന്നെ പുറകുവശം കാണുക അസാദ്ധ്യമാണ്. അപ്പോൾ, തൊട്ടടുത്തുള്ള കാര്യങ്ങൾ, അവ വിദൂരങ്ങളിലാണെന്ന് തോന്നിപ്പിച്ചേക്കാം. അവ വിദൂരത്തല്ല. നിങ്ങൾക്കവയെ എവിടെവച്ചും അനുഭവിക്കാം.

ആദ്ധ്യാത്മികതയെക്കുറിച്ചുള്ള നമ്മുടെ ധാരണ വികസിപ്പിക്കുന്നതിന് നമ്മെ സഹായിക്കുന്നത് പ്രഫ. അനിൽകുമാർ അടുത്ത ലക്കത്തിൽ തുടരും.




നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (*Sai-Vedam* പേജ് 313–318)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)